## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 3169** **14.07.2015 ൽ മറുപടിയ്ക്ക്**

**സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ സൗരോർജ്ജപദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.ആര്യാടൻ മുഹമ്മദ്<br>( ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ സംസ്ഥാനത്ത് നടപ്പാക്കുന്ന സൗരോർജ്ജപദ്ധതിക്കായി എവിടെയെല്ലാം സ്ഥലം കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;സ്ഥലം കൈമാറുന്നതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കുമോ | (എ) സ്ഥലം കൈമാറിയിട്ടില്ല. അനുയോജ്യമായ സ്ഥലം കണ്ടെത്തി കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് വിഭാവനം ചെയ്തിട്ടുള്ളത്; | (ബി) പ്രസ്തുത പദ്ധതിയ്ക്കായി സ്ഥലം ലഭ്യമായതിനുശേഷവും അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനു ശേഷവും ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് |
| (സി)പദ്ധതി നടപ്പാക്കുന്നതും തുടർ പ്രവർത്തനവും വൈദ്യുതി കൈകാര്യം ചെയ്യുന്നതും സംബന്ധിച്ച് സോളാർ കോർപ്പറേഷനും കെ.എസ്.ഇ.ബി.യും തമ്മിലുണ്ടാക്കിയിട്ടുള്ള വ്യവസ്ഥകൾ വിശദമാക്കുമോ? | (സി) പദ്ധതി സംരംഭകർ മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ IREDA-യുമായും THDCIL-യുമായും സെക്കിയും കെ.എസ്.ഇ.ബി.ലിമിറ്റഡും ചേർന്ന് അമ്പത് മെഗാവാട്ട് വീതം സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെവ്വേറെ ത്രികക്ഷി പ്രാരംഭകരാർ ഒപ്പുവച്ചിട്ടുണ്ട്. പ്രാരംഭ കരാർ വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

u-3169
14/7/15

# അനുബന്ധം

1. കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ ചുമതലകൾ:

(a) പദ്ധതിയ്ക്കാവശ്യമായ സ്ഥലം പാട്ടത്തിന്/ ഉപയോഗാവകാശം ഉള്ള രീതിയിൽ കണ്ടെത്തി നൽകുന്നതിന് സഹായിക്കും.

(b) പദ്ധതിയിൽ നിന്നുള്ള വൈദ്യുതി പ്രസരണം നടത്തുന്നതിന് ആവശ്യമായ ലൈനുകൾ നിർമ്മിക്കുവാൻ സഹായിക്കും.

(c) പദ്ധതിയ്ക്ക് ആവശ്യമായ അനുമതികൾ വാങ്ങുന്നതിന് സഹായിക്കും.

(d) പദ്ധതിയിൽ നിന്നുള്ള വൈദ്യുതി സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ വാങ്ങാനുള്ള 25 വർഷത്തെ കരാറിൽ ഏർപ്പെടുക.

(e) വാങ്ങുന്ന വൈദ്യുതിയുടെ വില ഉചിതമായി ലെറ്റർ ഓഫ് അക്കൗണ്ട് വഴിയോ എസ്ക്രോ അക്കൗണ്ട് വഴിയോ സുരക്ഷിതമായി നൽകും.

(f) സംസ്ഥാന സർക്കാർനയം നൽകുന്ന പ്രോത്സാഹനം ലഭിക്കുന്നതിന് കെ.എസ്.ഇ.ബി.ലിമിറ്റഡ് സഹായിക്കും

2. ടി.എച്ച്.ഡി.സി.ഐ.എൽ/ഐ.ആർ.ഇ.ഡി.എ ചുമതലകൾ:

(a) പദ്ധതി സ്ഥലത്തിനുവേണ്ടി പാട്ടക്കരാറിൽ/ ഉപയോഗാവകാശം കരാറിൽ ഏർപ്പെടും.

(b) കെ.എസ്.ഇ.ബി. ലിമിറ്റഡുമായി വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെടും.

(c) പദ്ധതിയ്ക്കാവശ്യമായ ഫണ്ട് കണ്ടെത്തുകയും പദ്ധതി ഉടമയായിരിക്കുകയും ചെയ്യും.

(d) പദ്ധതി നടപ്പാക്കുന്നതിന് സെക്കി എന്ന സ്ഥാപനത്തെ അധികാരപ്പെടുത്തും

3. സെക്കിയുടെ ചുമതലകൾ:

(a) പദ്ധതി നിർമ്മിച്ച് നടപ്പാക്കുന്നതിന് വേണ്ട നിയമപരമായ നടപടികൾ എടുക്കും.

(b) കരാർ പ്രകാരം പദ്ധതി രൂപകൽപ്പന നടത്തി നിർമ്മിച്ചു കമ്മീഷൻ ചെയ്യും.

(c) ഉചിതമാണെങ്കിൽ പദ്ധതിയുടെ തുടർ പ്രവർത്തനവും പരിപാലനവും ഏറ്റെടുക്കും

4. പൊതുകാര്യങ്ങൾ:

(a) പദ്ധതി നടപ്പാക്കുന്നതിന് മൂന്ന് കക്ഷികളും ചേർന്ന് ഒരു കോർഡിനേഷൻ കമ്മിറ്റി രൂപപ്പെടുത്തും.

(b) ഭാവിയിൽ വന്നേക്കാവുന്ന തർക്കങ്ങൾ, പ്രകൃതി നാശം കൊണ്ടുള്ള തടസ്സങ്ങൾ, ചുമതലകൾ തുടങ്ങിയ കാര്യങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ സമ്പ്രദായം രൂപപ്പെടുത്തും

(signature)
സെക്ഷൻ ഓഫീസർ